## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:5462** **28.07.2015- ൽ മറുപടി നൽകേണ്ടിയിരുന്നത്**

## പാലക്കാട് ജില്ലയിലെ കൃഷി അസിസ്റ്റന്റുമാരുടെ സ്ഥലംമാറ്റം സംബന്ധിച്ച്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സി.പി.മുഹമ്മദ് | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കൃഷി വകുപ്പിൽ ഒരു ജില്ലയ്ക്കുള്ളിൽ കൃഷി അസിസ്റ്റന്റ്, അസിസ്റ്റന്റ് കൃഷി ഓഫീസർ എന്നീ തസ്തികയിലുള്ളവരുടെ പൊതുസ്ഥലംമാറ്റം ജില്ലാ കൃഷി ഓഫീസർ നടത്തുമ്പോൾ നിയമപരമായി പാലിക്കേണ്ട പൊതുമാനദണ്ഡം സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും, സർക്കുലറുകളുടെയും പകർപ്പ് ലഭ്യമാക്കാമോ;<br>ബി) പാലക്കാട് ജില്ലയിൽ ജില്ലാ കൃഷി ഓഫീസർ 19.06.2015-ന് ഇറക്കിയ ഉത്തരവ് പ്രകാരം കൃഷി അസിസ്റ്റന്റ്, അസിസ്റ്റന്റ് കൃഷി ഓഫീസർ എന്നിവരുടെ സ്ഥലംമാറ്റ കാര്യത്തിൽ നിലവിലുള്ള മാനദണ്ഡങ്ങളും ഉത്തരവുകളും കൃത്യമായി പാലിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (എ), (ബി), (സി), (ഡി) & (ഇ) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |

(സി) മേൽ സൂചിപ്പിച്ച ഉത്തരവിലേക്ക് പരിഗണിക്കപ്പെടുവാൻ കൃഷി ഓഫീസർമാർ, അസിസ്റ്റന്റ് ഡയറക്ടർമാർ എന്നിവർ സാക്ഷ്യപ്പെടുത്തി ശുപാർശ ചെയ്ത ആകെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇങ്ങനെ ലഭിച്ച മുഴുവൻ അപേക്ഷകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) ഔദ്യോഗികമായി ജില്ലാ കൃഷി ഓഫീസർക്ക് ലഭിച്ച അപേക്ഷകൾ കൂടാതെ ജില്ലാ കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റുമാരിൽ നിന്നും നേരിട്ട് അപേക്ഷകൾ സ്വീകരിച്ച് ആർക്കെങ്കിലും സ്ഥലംമാറ്റം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അങ്ങനെയുള്ള അപേക്ഷകളുടെ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകൾ ലഭ്യമാക്കുമോ;

(ഇ) പാലക്കാട്, മലമ്പുഴ, പട്ടാമ്പി എന്നീ ബ്ലോക്കുകളിലെ കൃഷി വകുപ്പ് ഓഫീസുകളിൽ, കൃഷി അസിസ്റ്റന്റ്, അസിസ്റ്റന്റ് കൃഷി ഓഫീസർ എന്നീ തസ്തികകളിൽ അവർ ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസുകളിൽ 3 വർഷം പൂർത്തീകരിച്ച ഉദ്യോഗസ്ഥർ ആകെ എത്ര പേരുണ്ട്; ഇവരുടെ പേരും വിലാസവും വ്യക്തമാക്കാമോ?

സെക്ഷൻ ഓഫീസർ